ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

നമ്പർ. L1/793/2024/DTE തീയതി: 26-09-2024

## പരിപത്രം

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - പ്ലാനിംഗ് സെക്ഷൻ - വകുപ്പിന് കീഴിലുള്ള സർക്കാർ എഞ്ചിനീയറിങ് / പോളിടെക്നിക് കോളേജുകളിലെ ടെസ്റ്റിംഗ്, കൺസൾട്ടൻസി, സ്പോൺസേർഡ് റിസേർച്ച് പ്രോഗ്രാമുകളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പരിഷ്കരിച്ചതിന്മേലുള്ള പരാതി - സംബന്ധിച്ച്

സൂചന :- 1. G.O. (Rt) No. 330/2024/HEDN തീയതി 05.03.2024.
2. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാർ ബഹു: ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച 07.03.2024 ലെ നിവേദനം.
3. സർക്കാർ കത്ത് നമ്പർ G2/91/2024-HEDN തീയതി 15.03.2024.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ എഞ്ചിനീയറിങ് / പോളിടെക്നിക് കോളേജുകളിലെ ടെസ്റ്റിംഗ്, കൺസൾട്ടൻസി, സ്പോൺസേർഡ് റിസേർച്ച് പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട് സൂചന 1 ഉത്തരവ് പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് സൂചന 2 പ്രകാരം ലഭിച്ച ആക്ഷേപത്തിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സൂചന 3 പ്രകാരം സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന സാഹചര്യത്തിൽ പരാതിക്കാരെ നേരിട്ട് കേട്ടതിന് ശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പരാതിയിൽ പരാതിക്കാരുടെ പേര് പരാമർശിച്ചിട്ടില്ലാത്തതിനാൽ പരാതിക്കാരുടെ ആവലാതികൾ കേൾക്കുവാൻ നിർവ്വാഹമില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത മാർഗ്ഗ രേഖ സംബന്ധിച്ച് ആർക്കെങ്കിലും ആക്ഷേപമുള്ള പക്ഷം അവർ നേരിട്ടോ അംഗീകൃത സംഘടന മുഖേനെയോ ഈ സർക്കുലർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് രണ്ട് ആഴ്ചയ്ക്കകം പേര്, മേൽവിലാസം എന്നിവ പരാമർശിച്ചുകൊണ്ട് പരാതി സമർപ്പിക്കുവാൻ താത്പര്യപ്പെടുന്നു.

**SHALIJ P R**
**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

**Signed by Shalij P R**
**Date: 26-09-2024 20:32:43**